പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 987 — 08.01.2014 -ലെ മറുപടിക്ക്.

## നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ രൂപീകരിച്ച അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള പ്രത്യേക രജിസ്ട്രേഷനും ക്ഷേമപദ്ധതികളും കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 2010, 2011 കാലയളവിൽ ക്ഷേമനിധിയിൽ എത്ര തൊഴിലാളികൾ അംഗമായിരുന്നു ; | (ബി) 2010 കാലയളവിൽ 219 തൊഴിലാളികളും, 2011 കാലയളവിൽ 21538 തൊഴിലാളികളും ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്. |
| (സി) നിലവിൽ എത്ര ശതമാനം തൊഴിലാളികളെ പ്രസ്തുത ക്ഷേമനിധിയിൽ അംഗമാക്കാൻ കഴിഞ്ഞിട്ടുണ്ട് ; | (സി) നിലവിൽ കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമല്ല. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ടിൽ ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. നിലവിൽ 35062 പേർ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഈ കണക്കുകൾ പ്രകാരം 1.4% അന്യ സംസ്ഥാന തൊഴിലാളികളേ പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. |

(ഡി) കൂടുതൽപേരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) കേരളത്തിൽ വിവിധ മേഖലയിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖാന്തിരവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് മുഖാന്തിരവും പദ്ധതിയുടെ സവിശേഷതകളെക്കുറിച്ച് അന്യ സംസ്ഥാന തൊഴിലാളികളെ ബോധവത്കരിച്ച് ഈ പദ്ധതിയിൻ കീഴിൽ ചേർക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ ബോർഡിന്റെ എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്യ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അന്യ സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തു വരുന്നു.

Deepa

സെക്ഷൻ ഓഫീസർ